നമ്പർ: ഇ.എം(2) 38805/11

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 07/02/2011

# സർക്കുലർ നമ്പർ: 13/11

വിഷയം:- സഹകരണ വകുപ്പ് - സഹകരണ സ്ഥാപനങ്ങളിലെ പാർട്ട്ടൈം കണ്ടിൻജന്റ് ജീവനക്കാരുടെ നിയമനവും സേവന വേതന വ്യവസ്ഥകളും നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) സഹ. സംഘം രജിസ്ട്രാറുടെ 23.03.99ലെ 11/99-ാം നമ്പർ സർക്കുലർ.
2) സഹ. സംഘം രജിസ്ട്രാറുടെ 31.10.2000 ലെ 46/2000 നമ്പർ സർക്കുലർ.
3) സഹ. സംഘം രജിസ്ട്രാറുടെ 22.05.2008ലെ 4/2008-ാം നമ്പർ സർക്കുലർ.
4) സഹ. സംഘം രജിസ്ട്രാറുടെ 24.07.10 ലെ 37/10-ാം നമ്പർ സർക്കുലർ.

സംസ്ഥാനത്തെ പ്രാഥമിക സഹകരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പാർട്ട്-ടൈം ജീവനക്കാരുടെ വേതനം നിശ്ചയിച്ചുകൊണ്ട് സൂചന രണ്ടിലെ സർക്കുലർ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. ശമ്പള സ്കെയിൽ ഓപ്റ്റ് ചെയ്യുന്ന പാർട്ട്-ടൈം ജീവനക്കാർ 65 വയസ്സിലും ശമ്പള സ്കെയിൽ ഓപ്റ്റുചെയ്യാത്ത പാർട്ട്-ടൈം ജീവനക്കാർ 70 വയസ്സിലും സർവ്വീസിൽ നിന്നും വിരമിയ്ക്കേണ്ടതാണെന്ന് സൂചന മൂന്നിലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. പാർട്ട്-ടൈം കണ്ടിൻജന്റ് ജീവനക്കാർക്ക് ശമ്പള സ്കെയിൽ, ക്ഷാമബത്ത, വീട്ടുവാടക അലവൻസ് എന്നിവ നൽകുന്നതു സംബന്ധിച്ച് സൂചന 4 പ്രകാരവും സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ ഉത്തരവുകൾ പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രാഥമിക സഹകരണ സ്ഥാപനങ്ങളിലെ പാർട്ട്-ടൈം കണ്ടിൻജന്റ് ജീവനക്കാർക്ക് നിയമനം നല്കുന്നത് സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങളൊന്നും നിലവിലില്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി വിഭാഗം ജീവനക്കാരുടെ നിയമനത്തിന്റെയും സേവനവേതന വ്യവസ്ഥകളുടേയും മാനദണ്ഡം നിശ്ചയിച്ചുകൊണ്ട് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. **തസ്തിക അനുവാദം:-**

100 ചതുരശ്ര മീറ്റർ മുതൽ 800 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള സംഘത്തിന്റെ ആഫീസിൽ ഒരു പാർട്ട്-ടൈം ജീവനക്കാരനെ നിയമിയ്ക്കാവുന്നതാണ്. സ്ഥാപനത്തിന്റെ ഹെഡ് ആഫീസും ബ്രാഞ്ചുകളും ഒരേ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ ഓരോന്നിനും പ്രത്യേകം പ്രത്യേകം സ്വീപ്പർമാരെ നിയമിയ്ക്കാൻ പാടില്ല. സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ/ജോയിന്റ് രജിസ്ട്രാർ (ജനറൽ)ന്റെ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

2. **നിയമനത്തിനുള്ള അപേക്ഷ:-**

പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാരുടെ നിയമനത്തിനായി സൂചന ഒന്നിലെ സഹകരണ സംഘം രജിസ്ട്രാറുടെ 11/99-ാം നമ്പർ സർക്കുലർ നിർദ്ദേശ പ്രകാരം അപേക്ഷ ക്ഷണിയ്ക്കേണ്ടതാണ്. അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം, പ്രചാരമുള്ള ഒരു ദിനപത്രത്തിലെങ്കിലും പ്രസിദ്ധപ്പെടുത്തേണ്ടതും, സംഘത്തിന്റെ ഹെഡ് ഓഫീസിലേയും ബ്രാഞ്ചുകളിലേയും നോട്ടീസ് ബോർഡുകളിലും പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

3. **പ്രായം:–**

നിയമനത്തിനുള്ള പ്രായപരിധി സഹകരണ നിയമം ചട്ടം 183 ലെ വ്യവസ്ഥയ്ക്ക് വിധേയമായിരിക്കും.

4. **യോഗ്യത:–**

പാർട്ട്–ടൈം സ്വീപ്പർ തസ്തികയിൽ നിയമനത്തിന് അപേക്ഷിയ്ക്കുന്ന ഉദ്യോഗാർത്ഥിയ്ക്ക്, സ്വീപ്പിംഗ് ജോലിയ്ക്ക് ആവശ്യമായ ശാരീരികക്ഷമത ഉണ്ടായിരിയ്ക്കണം.

5. **നിയമന രീതി:–**

പാർട്ട്–ടൈം സ്വീപ്പർ തസ്തികയിലേയ്ക്കുള്ള നിയമനം ഇന്റർവ്യൂ മുഖേന സംഘം ഭരണസമിതി നടത്തേണ്ടതാണ്. ഇന്റർവ്യൂവിനുള്ള പരമാവധി മാർക്ക് 20 ഉം കുറഞ്ഞമാർക്ക് 3 ഉം ആയിരിക്കും. സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള സ്വീപ്പർ തസ്തികയിലേയ്ക്ക് കായിക യോഗ്യതയുള്ള വികലാംഗർ, വിധവകൾ എന്നിവർക്ക് ഇന്റർവ്യൂവിൽ ഗ്രേസ് മാർക്കായി 5 മാർക്കും മറ്റുള്ളവർക്ക് 3 മാർക്കും നല്കേണ്ടതാണ്.

6. **സേവന വേതന വ്യവസ്ഥ:–**

ശമ്പള സ്കെയിൽ ഓപ്റ്റ് ചെയ്തിട്ടുള്ള പാർട്ട്–ടൈം ജീവനക്കാർക്ക്, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിയ്ക്കുന്ന ശമ്പള പരിഷ്ക്കരണ ഉത്തരവിലും സർക്കുലർ നിർദ്ദേശ പ്രകാരവും അനുവദിച്ചു നൽകിയിട്ടുള്ള ശമ്പളവും അലവൻസുകളും നൽകാവുന്നതാണ്. അപ്രകാരം ഓപ്ഷൻ നല്കാത്ത ജീവനക്കാർക്ക് സംസ്ഥാന സർക്കാരിലെ പാർട്ട്–ടൈം ജീവനക്കാർക്ക് കാലാകാലങ്ങളിൽ അനുവദിച്ചു വരുന്ന ശമ്പളത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

പ്രാഥമിക സഹകരണ സംഘങ്ങളിലെ പാർട്ട്–ടൈം ജീവനക്കാരെ സംഘത്തിന്റെ പോഷക വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ പാടില്ല.

7. **റിട്ടയർമെന്റ്:–**

ശമ്പള സ്കെയിൽ ഓപ്റ്റ് ചെയ്യുന്നവരും ശമ്പള സ്കെയിലിൽ നിയമിയ്ക്കപ്പെടുന്നവരുമായ പാർട്ട്–ടൈം സ്വീപ്പർമാർ 65 വയസ്സിൽ സർവ്വീസിൽ നിന്നും വിരമിയ്ക്കേണ്ടതാണ്.

4/08-ാം നമ്പർ സർക്കുലർ പുറപ്പെടുവിച്ച കാലയളവിൽ ശമ്പള സ്കെയിൽ ഓപ്റ്റ് ചെയ്യാത്ത പാർട്ട്–ടൈം ജീവനക്കാർ ഉണ്ടെങ്കിൽ അവർക്ക് 70 വയസ്സുവരെ സർവ്വീസിൽ തുടരാവുന്നതാണ്. എന്നാൽ നിലവിൽ ജോലി ചെയ്തുവരുന്ന 65 വയസ്സു മുതൽ 70 വയസ്സു വരെ, വിവിധ പ്രായത്തിലുള്ള പാർട്ട്–ടൈം ജീവനക്കാർ മുഴുവൻ പേരും റിട്ടയർ ചെയ്തു കഴിഞ്ഞാൽ, പിന്നീട് ഈ കാറ്റഗറിയിൽ നിയമിയ്ക്കപ്പെടുന്നവർ, ശമ്പള സ്കെയിൽ ഓപ്റ്റ് ചെയ്താലും ഇല്ലെങ്കിലും 65 വയസ്സിൽ സർവ്വീസിൽ നിന്നും പിരിയേണ്ടതാണ്.

**ഒപ്പ്,**
**സഹകരണസംഘം രജിസ്ട്രാർ**